**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 398** **16-09-2025 - ൽ മറുപടിയ്ക്ക്**

**പുതുപ്പരിയാരം സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്. ഹയർ സെക്കണ്ടറി ബ്ലോക്ക് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2020-21 സാമ്പത്തിക വർഷത്തെ ബജറ്റിൽ 20 ശതമാനം വകയിരുത്തിയിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ പുതുപ്പരിയാരം സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്. ഹയർ സെക്കണ്ടറി ബ്ലോക്ക് നിർമാണ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; ഈ പ്രവൃത്തിക്ക് എപ്പോൾ സാങ്കേതികാനുമതി നൽകാൻ കഴിയുമെന്ന് അറിയിക്കുമോ; | (എ) | മലമ്പുഴ മണ്ഡലത്തിലെ പുതുപ്പരിയാരം സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്. ഹയർ സെക്കണ്ടറി ബ്ലോക്ക് നിർമാണ പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതിയ്ക്കായി പാലക്കാട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും നോർത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് പ്രൈസ് സോഫ്റ്റ് വെയർ മുഖേന നൽകിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ക്ലാസ് മുറികളും മറ്റ് അനുബന്ധ സൗകര്യങ്ങളുമാണ് നിർമിക്കുവാൻ നിശ്ചയിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (ബി) | ടി സ്കൂളിലെ പ്രവൃത്തിയിൽ ഗ്രൗണ്ട് ഫ്ലോറിൽ 4 ക്ലാസ് മുറികളും, ഫസ്റ്റ് ഫ്ലോറിൽ 4 ക്ലാസ് മുറികളുമായി 8 ക്ലാസ് മുറികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ